# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകരപ്പതി ഗ്രാമപഞ്ചായത്ത്

2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11-229/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

വെബ്-www.lfa.kerala.gov.in

തീയതി-08.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടകരപ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടകരപ്പതി ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

----------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11-229/17 തിയ്യതി:-08.02.217

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 5.10.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. പഞ്ചായത്ത് 8.8.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും സെപ്റ്റംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ (മാനുവൽ) | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം.(മാനുവൽ) |
|---|---|
| 4 | 4 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ - ശ്രീ.കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം - 9.11.2016 മുതൽ 18.11.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | കെ ജി റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | മുഹമ്മദ് ഫാറൂഖ്.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുജാത.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.ടി എം ചെന്താമരൈ 1.4.2015 മുതൽ 18.11.2015 വരെ

ശ്രീമതി.കൊളന്തൈ തെരേസ 19.11.2015 മുതൽ 31.3.3016വരെ

സെക്രട്ടറി

ശ്രീ.എ.ചെന്താമരാക്ഷൻ - 1.4. 2015 മുതൽ 23.7.2015 വരെ

ശ്രീ.കെ.കെ.ജയകുമാർ - 24.7. 2015 മുതൽ 9.8.2015 വരെ

ശ്രീ.എസ്.മഹേഷ് കുമാർ - 10.8. 2015 മുതൽ 19.1.2016 വരെ

ശ്രീമതി.പി.ഷീജാകുമാരി - 20.1.2016 മുതൽ 9.3.2016 വരെ

ശ്രീ.രാമനുണ്ണി എസ്സ് - 10.3.2016 മുതൽ 31.3.2016വരെ

(ജെ.എസ്സ് ഇൻ ചാർജ്ജ്)

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥർ | |
|---|---|
| ഉദ്യോഗപ്പേര് | പേര് |
| കൃഷി ഓഫീസർ | ശ്രീ.അഭിലാഷ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീസേതു |
| പ്രധാനാദ്ധ്യാപിക,<br>GLPS, കിഴക്കഞ്ചേരി | ശ്രീമതി.കുമുദം.വി |
| വി.ഇ.ഒ. | ശ്രീ.ഗൗരി |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി. |

| | |
|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആൻസി സാമുവേൽ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുജിത്ത് |
| ഡയറിഫാം ഇൻസ്പെക്ടർ | രാധിക.ജി |
| വെറ്ററിനറി സർജൻ | ഡോ.സി.വി.സജിത്കുമാർ |

<u>ഉള്ളടക്കം</u>

ഭാഗം 1

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ


| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | | 2(1) |
| 2 | | 2(2) |

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | | 2(1) |
| 3 | | 2(3) |
| 4 | | 2(4) |
| 5 | | 2(5) |
| 6 | | 2(6) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | | 3(1) |
| 2 | | 3(2) |
| 3 | | 3(3) |
| 4 | | 3(4) |
| 5 | | 3(5) |
| 6 | | 3(6) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) |
|---|---|
| തീരുമാനം നം.1 തിയതി, 28.3.2015 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 18-8-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 25931812.05 |
| വരവ് | 103924658.00 |
| ആകെ | 129856470.05 |
| ചെലവ് | 100028981.00 |

| | |
|---|---|
| നീക്കിബാക്കി | 29827489.05 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2982397 | 8653248 | 11988868 | 23624513 | 13578386 | 10046127* | 0 |
| വികസന ഫണ്ട് ടി എസ് പി | 841391 | | 2436891 | 3278282 | 770220 | 828891**<br>1679171* | 0 |
| വികസന ഫണ്ട് എസ്.സി.പി | 327282 | | 3331282 | 3658564 | 1362200 | 1969082*<br>327282** | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2535670 | | 5085000 | 7620670 | 6454204 | 1166466* | 0 |
| സംരക്ഷണ ഗ്രാന്റ്റോഡ് | 712643 | | 5668000 | 6380643 | 5831905 | 548738* | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2509239 | | 10024015 | 12593254 | 7968405 | 2090132*<br>2534717** | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4962358 | | 4962358 | 9924716 | 3338487 | 1623871*<br>4962358** | 0 |
| സ്പെഷ്യൽ ഗ്രാന്റ് | 190355 | | 1500000 | 1690355 | 1474017 | 216338* | |

(*) സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

വികസനഫണ്ടിലെ മുന്നിരിപ്പായി വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക അപ്രോപ്രിയേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയുമായി വ്യത്യാസമുണ്ട്. അപ്രോപ്രിയേഷൻ പ്രകാരമുള്ള മുന്നിരിപ്പ് തുക 2758887/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 144 | 108 | 12 | 24 | 75% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2734540 | 2640340 | 96.55 |
| വെറ്ററിനറി സർജൻ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 611500 | 432228 | 70.68 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 235000 | 235000 | 100 |
| വി.ഇ.ഒ. | 15 | 4 | 16511470 | 8717470 | 50.97 |
| എൽ.വി.ഇ.ഒ. | | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4112455 | 3672749 | 89.30 |
| സെക്രട്ടറി | 23 | 13 | 7794310 | 6528230 | 83.75 |
| പ്രധാനാദ്ധ്യാപിക | 1 | 1 | 150000 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 80 | 10000000 | 10000000 | 100 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | 4588423 | | |
| നികുതിയേതര വരവുകൾ | | 1469639 | | |
| മറ്റ് വരവുകൾ | | 43110 | | |

| | | | | |
|---|---|---|---|---|
| ആകെ | | 6101172 | | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 12 | 12 | | |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 6 | |
| 3 | വിധവാ പെൻഷൻ | 23 | 23 | 0 | |
| 4 | വികലാംഗ പെൻഷൻ | 23 | 23 | 0 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 7 | 5 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 258 | 257 | 1 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7897 - രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.11.2016 | 10/2016 | 3.12.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 22.1.2016 | 2010-11 to 2014-15 | 25.2.2016 | |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുറവായി അസസ് ചെയ്തതുമൂലം നഷ്ടമായ തുക ഈടാക്കണം.

അഹല്യ ഇന്റർനാഷണൽ ഫൌണ്ടേഷന്റെ കീഴിലുള്ള ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തുനികുതി അസസ് ചെയ്തിരിക്കുന്നത് കുറഞ്ഞ നിരക്കിലാണ്. സ.ഉ(അ) നം.36/2015/തസ്വഭവ, തീയതി 24.2.2015 പ്രകാരം ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തുനികുതി 30 മുതൽ 60 രൂപ വരെയുള്ള നിരക്കിൽ പരിഷ്കരിച്ച് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് 21.4.2015 തീയതിയിൽ എ2-8832/11വിജ്ഞാപനപ്രകാരം ഹോസറ്റലുകൾക്ക് സ്ക്വയർമീറ്ററിന് 45 രൂപ പ്രകാരമാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. അഹല്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള താഴപ്പറയുന്ന ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിശ്ചയിച്ചത് പാർപ്പിടങ്ങൾക്കുള്ള നിരക്കായ 5രൂപ നിരക്കിലാണ്.

| കെട്ടിട നം./പേര് | വിസ്തൃതി | ഇളവ് ശതമാനം /വർദ്ധനവ് | നിശ്ചയിച്ച തുക (BT + Sc + LC) | അസസ്മെന്റ് തീയതി | ഈടാക്കേണ്ട നിരക്ക് | ഈടാക്കേണ്ട വസ്തു നികുതി ,സർവീസ് സെസ്, ലൈബ്രറി സെസ് | കുറവ് (വസ്തു നികുതി) | സർവീസ് സെസ് കുറവ് | കുറവ് (ലൈബ്രറി സെസ്) |
|---|---|---|---|---|---|---|---|---|---|
| 17/509അഹല്യ എംബിഎ ഹോസ്റ്റൽ | 1912 m2 | +35 | 12906 1291(sc) 646(Lc) | 25.5.15 | 45 | 116154 +11616 +5808 | 103248 | 10325 | 5162 |
| 17/512അഹല്യ ഹോസ്റ്റൽ | 1912 m2 | +35 | 12906(BT) 1291(sc) 646(LC) | 25.5.15 | 45 | 116154 +11616 +5808 | 103248 | 10325 | 5162 |
| ആകെ കുറവ് | | | | | | | 206496 | 20650 | 10324 |

2016-17 വർഷത്തിൽ മേൽപ്പറഞ്ഞ രണ്ടുകെട്ടിടത്തിനും വസ്തുനികുതി 116154രൂപയായി റിവൈസ് ചെയ്ത് നം.9168/15.11.16 പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും ഡിമാന്റ് നോട്ടീസിൽ 2015-16 വർഷത്തെ കുടിശ്ശിക ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷത്തെ യഥാർത്ഥ കുടിശ്ശിക തിട്ടപ്പെടുത്തി തുക ഡിമാന്റ് ചെയ്യാതെ 2016-17 വർഷത്തെ തുക മാത്രം ഡിമാന്റ് ചെയ്തതുമൂലം പഞ്ചായത്തിന് മേൽപ്പറഞ്ഞ പ്രകാരം നഷ്ടം വന്നിരിക്കുന്നു. ഇക്കാര്യങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 206496 രൂപയുടെ നഷ്ടം ഉത്തരവാദികളായവരിൽനിന്നും ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമല്ല.

വസ്തുനികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ് , അരിയർതുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കിയ വാർഷികസംക്ഷിപ്തം വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2-3 ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഫീൽഡ് പരിശോധന നടത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ഡി & ഒ നം. | വാർഡ് നം.<br>കെട്ടിട നം. | ഉടമസ്ഥരുടെ പേരും<br>വിലാസം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|
| 167 | | അബ്ദുൾ നസീം,ഒഴലപ്പതി | കോഴിഫാം |

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2) സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

3)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| കൊമേഴ്സ് ടാക്സ് ഇൻസ്പെക്ടറുടെ ഓഫീസ് | II | ജീവനക്കാരുടെ തൊഴിൽനികുതി |
| സെനർജി ഫ്യവൽസ് | II | ജീവനക്കാരുടെ തൊഴിൽനികുതി |
| വേലന്താവളം പോസ്റ്റ് ഓഫീസ് | II | ജീവനക്കാരുടെ തൊഴിൽനികുതി |
| സർവീസ് കോ.ഓപ്.ബാങ്ക് | I | സ്ഥാപന തൊഴിൽനികുതി |
| പോസ്റ്റ് ഓഫീസ് ആട്ടയംപതി | II | ജീവനക്കാരുടെ തൊഴിൽനികുതി |
| പോസ്റ്റ് ഓഫീസ് കോഴിപ്പാറ | II | ജീവനക്കാരുടെ തൊഴിൽനികുതി |
| ബിഎസ്എൻഎൽ,വേലന്താവളം | I&II | സ്ഥാപന തൊഴിൽനികുതി |
| മിൽക്ക് സൊസൈറ്റി,കണക്കൻകളം | II | സ്ഥാപന തൊഴിൽനികുതി |

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടുള്ള സംക്ഷിപ്തം പേജടിസ്ഥാനത്തിലുള്ള തുകകൾ കൂട്ടിയെടുത്ത് തയ്യാറാക്കിയിട്ടുള്ളതല്ല.

## 2-6 വാടക പിരിവ് കാര്യക്ഷമമല്ല

2014-15 വർഷത്തിൽ വേലന്താവളം മാർക്കറ്റ് കോംപ്ലക്സിലെ വാടകക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ 2015-16 വർഷത്തിൽ വാടകക്ക് നൽകുന്നതിനുള്ള ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഈ കെട്ടിടങ്ങളെ ഒഴിവാക്കിയിരിക്കുന്നു.

| റൂം നം. | പ്രതിമാസ വാടക | വാടകക്കാരന്റെ പേര് |
|---|---|---|
| 7/276,277 | 800 | ദി പ്രസിഡന്റ്, റെഗുലേറ്റഡ് മാർക്കറ്റിംഗ് ബിൽഡിംഗ് |
| നം. രേഖപ്പെടുത്തിയിട്ടില്ല | 662 | ശ്രീദുർഗNHG, വനിതാകാന്റീൻ |
| 18 | 1000 | ജ്യോതിw/oവീരസാവി<br><br>IHSDPകോളനി |
| 15 | 1000 | മുരുകൻs/oപഴനി,വേലന്താവളം |
| 17 | 1000 | PCPCL(പാലക്കാട്കോക്കനട്ട്പ്രൊഡക്ഷൻകോർപ്പറേഷൻലി.) |

ഗ്രാമപഞ്ചായത്തിനു കീഴിൽ വാടകക്ക് നൽകാവുന്ന എത്ര കടമുറികൾ ഉണ്ടെന്നത് സംബന്ധിച്ചോ അതിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാമാണെന്നത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകക്ക് നൽകുന്നതിനായി ലേലനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക കണക്കാക്കിയിരിക്കുന്നത് കൃത്യമായിട്ടല്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം (ഡിമാന്റ്,ബാലൻസ്) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്ര രോഗ പ്രതിരോധ പരിപാടി - ബോധവൽക്കരണ പരിപാടി - അനുവദനീയമല്ലാത്ത 10000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ 10/15-16

സമഗ്ര രോഗ പ്രതിരോധ പരിപാടി

അടങ്കൽ 65400 രൂപ

ചെലവ് 14200 രൂപ

ദേശീയ ക്ഷയരോഗ ദിനാചരണത്തോടനുബന്ധിച്ച് , സമഗ്ര രോഗ പ്രതിരോധ പരിപാടിയുടെ ഭാഗമായി ക്ഷയരോഗ സന്ദേശറാലി, സെമിനാർ ബോധവൽക്കരണം എന്നിവ നടത്തുന്നതിന് വികസന ഫണ്ടിൽ നിന്നും 10000 രൂപ ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. ( കയ്യെഴുത്ത്) 362/16 ത.സ്വ.ഭ.വ തീ. 13.11.16 -ലെ നിർദ്ദേശ പ്രകാരം

ബോധവൽക്കരണം, സെമിനാറുകൾ, റാലികൾ എന്നിവ നടത്തുന്നതിന് വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , ക്ഷയരോഗ പ്രതിരോധത്തിന്റെ ഭാഗമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.എന്നാൽ വികസന ഫണ്ട് , സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച നടപടി അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ 10000 രൂപ ചെലവിനുത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിലൊടുക്കണം.

## 3-2 ഭവനം റിപ്പയർ പ്രൊജക്ടുകൾ- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കണം

വടകരപ്പതി ഗ്രാമ പഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2015-2016 സാമ്പത്തിക വർഷത്തിൽ ഭവനം പുനരുദ്ധാരണത്തിനു വേണ്ടി 4 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(A)പ്രൊജക്ട് നം. 13/ 16

പ്രൊജക്ടിന്റെപേര് വീട് റിപ്പയർ(ജ)

അടങ്കൽ 5600000 രൂപ ( 2014-2015 )

3860000 രൂപ ( 2015-2016)

(B) പ്രൊജക്ട് നം. 14/ 16

പ്രൊജക്ടിന്റെപേര് മേൽക്കൂര റിപ്പയർ ( എസ്.സി.പി.)

അടങ്കൽ 450000 രൂപ

ആകെ 450000 രൂപ

(c) (B) പ്രൊജക്ട് നം. 56/ 16

പ്രൊജക്ടിന്റെപേര് വീട് റിപ്പയർ

അടങ്കൽ 112500 രൂപ

ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 362/ 2013 ത.സ്വ.ഭ.വ തീ. 16.11.13, സർക്കാർ ഉത്തരവ് 4/ 2016 തീ. 11.01 2016 എന്നി വ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

1. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

3. തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ ഗുണഭോക്താവിന്റെ പേരിൽ മാത്രമാണ് തുക നൽകിയിരിക്കുന്നത്.
4. പുതിയ വീട് നിർമിച്ച് 12 വർഷം കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിനർഹതയുള്ളൂ. ആയത് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. ഇത്തരത്തിൽ ആധികാരികമായ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ധനസഹായത്തിനർഹത ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കാനാവുന്നില്ല.
5. മുമ്പ്, ഭവനം പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ 6 വർഷത്തിനു ശേഷം മാത്രമേ ഈയിനത്തിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഈ നിബന്ധനയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഇപ്രകാരം , എസ്റ്റിമേറ്റ് , നിശ്ചയിക്കപ്പെട്ട മുൻകാലയളവിൽ സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന രേഖകൾ എന്നി ലഭ്യമാക്കാത്തതിനാൽ സബ്സിഡിയാനുകൂല്യം ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നും അനർഹമായി ആനുകൂല്യം നൽകപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കാനാവില്ല. ആയതിനാൽ പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 3-3 മൃഗ സംരക്ഷണ മേഖലയിൽ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഭൂപ്രകൃതിയുള്ള പഞ്ചായത്ത് 2015-2916 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ പ്രൊജക്ടുകളൊന്നും നടപ്പിലാക്കിയില്ല . മൃഗ സംരക്ഷണ രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പാക്കാൻ സർക്കാർ അനുമതിയുണ്ടായിട്ടുപോലും ഈ രംഗത്ത് പ്രൊജക്ടുകളൊന്നും തന്നെ വിഭാവനം ചെയ്ത് നടപ്പാക്കിയില്ല. ദാരിദ്ര്യത്തെ ഫലപ്രദമായി നേരിടുന്നതിൽ ഉൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ചും മൃഗ സംരക്ഷണരംഗത്തുള്ള വികസന സാധ്യതകൾ വിനിയോഗിക്കപ്പെടാതെ പോകുന്നത് അഭിലഷണീയമല്ല.

ആയതിനാൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളുടെ ജൈവവൈവിധ്യവും കാർഷിക സാധ്യകളും പഠിച്ച് അനുയോജ്യമായ മൃഗ സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക പരിഗണനയുണ്ടാകേണ്ടതുണ്ട്.

## 3-4 കുടിവെള്ളംപൈപ്പ് ലൈൻ നീട്ടൽ സംബന്ധിച്ച്.

സാമ്പത്തികവർഷത്തിൽ ഏഴ് പൈപ്പ് ലൈൻനീട്ടൽപ്രവർത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവർത്തികളിലൂടെ നിലവിലുള്ള കുടിവെള്ളസ്രോതസ്സിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ട ജലം ലഭ്യമാണോ എന്ന് പരിശോധിക്കാതെയാണ് എല്ലാ കുടിവെള്ളവിതരണപദ്ധതികളും നിർവ്വഹണം നടത്തിയിരിക്കുന്നത്.നിലവിൽ കുടിവെള്ളപദ്ധതികളിൽ ജലലഭ്യത കുറവാകുന്നതിനാൽ അവ ഉപേക്ഷിച്ച് പുതിയകുഴൽ കിണറുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾ നിർവ്വഹണം നടത്തുമ്പോൾ സ്രോതസ്സിലെ ജലലഭ്യത ഉപഭോഗത്തിന് ആനുപാതികമായി കണക്കിലെടുത്തിട്ടായിരിക്കണം നിർവ്വഹണം നടത്തേണ്ടത്. ആയതിന് ജല അതോറിറ്റിയുടെ സാങ്കേതിക സഹായം ആവശ്യപ്പെടുന്നത് ഉചിതമായിരിക്കും. ഭാവിയിൽ ഇത്തരം പ്രവർത്തികളുടെ നിർവ്വഹണത്തിൽ ശാസ്ത്രീയമായ സമീപനം അവലംമ്പിക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ സമിതികളിലൂടെയുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല.

പൊതുമരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ ടി സാമ്പത്തികവർഷത്തിൽ രണ്ട് റോഡ് പ്രവർത്തികൾ ഗുണഭോക്തൃ സമിതികളിലൂടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. ആയതിൽ അപാകതകൾ ഏറെ കണ്ടത് സാങ്കേതിക വേണ്ടിവരുന്ന ടാറിംഗ് ഉൾപ്പെടുന്ന റോഡ് പ്രവർത്തികൾ ഗുണഭോക്തൃസമിതികളെഏല്പ്പിച്ചിട്ടുണ്ട് എന്നതാണ്.പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1,ഗാന്ധി നഗർ (വി എഫ് പി സി കെ)റീടാറിംഗ്

കൺവീനർ -മേരി വേളാങ്കണ്ണി,

ബിൽ തുക,നം,തീയ്യതി -352656/-,3/15-16,30-7-15.

എംബുക്ക് നംമ്പർ -232/13-14

മൊണോപോളി റെസ്ട്രിക്റ്റടായ ബിറ്റുമിൻ വാങ്ങിയിരിക്കുന്നത് Capshare Impexഎന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്.

ടി മെറ്റീരിയലിന്റെ ഗുണനിലവാരം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

18 ബാരൽ ടാർ വാങ്ങിയിട്ടുള്ളതിൽ കമ്മിറ്റി കാലി ബാരൽ വില്ക്കുകയോ ലേലംചെയ്യുകയോ ചെയ്തിട്ടില്ല.

2,അനുപൂർ കുപ്പാണ്ടകൌണ്ടനൂർറോഡ്

കൺവീനർ -കെ. വാസന്തി,ഒഴലപ്പതി

ബിൽ തുക,നം,തീയ്യതി -329829/-,56/15-16,11-3-16.

എംബുക്ക് നംമ്പർ -352/15-16

ടി പ്രവർത്തിയുടെ ഗുണഭോക്തൃ സമിതിയുടെ കണക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേല്പ്പറഞ്ഞ കാരണങ്ങളാൽ ഒന്നാമത്തെതിൽ ചെലവ് തുകയിൽ നിന്നും18 കാലി ബാരലിന്റെ വില 12% വാറ്റ് സഹിതം ഈടാക്കേണ്ടതിന് ശുപാർശ ചെയ്യുന്നതോടോപ്പം അനുപൂർ കുപ്പാണ്ടകൌണ്ടനൂർ റോഡിന്റെ ഗുണഭോക്തൃസമിതിയുടെ കണക്ക് ലഭ്യമാക്കുംവരെ ടി ചെലവ് തുക 329829/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്നചെലവുകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

1,മീഡിയാശ്രീ

ബിൽ നം.19/15-16,17-2-2016

തുക .65000/-രൂപ

2,ആനിമൽ ബെർത്ത് കംട്രോൾ പ്രോഗ്രാം

ബിൽ നം .20/15-16,17-2-2016

തുക .350000/-രൂപ

3,സർവ്വശിക്ഷാ അഭിയാൻ

ബിൽ നം .17/15-16,17-2-2016

തുക .369094/-രൂപ

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 165870 | ഉഴവ് കൂലി | 165870 | 0 |
| ജില്ലാ പഞ്ചായത്ത് | 276450 | ഉഴവ് കൂലി | 276450 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| K S E B | ചിന്നകൌണ്ടർഎസ്സി കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ | DD.No. 069097 dt19.4.16 | | 47200/- | 47200/- | 0 |
| K S E B | ചുണ്ണാമ്പ്ക്കൽത്തോട് സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ | DD.No. 069096 Dt. 19.4.16 | | 37440/- | 37440/- | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

i) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ലോൺ | GO(MS957/10/LSGD dt.20.3.10 | 18760500 | 7504200 | 2189850 | | 5314390 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 129856470.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100028981 |
| വരവിനങ്ങളിലുള്ള നഷ്ടം | 206496/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1113923/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 206494/- | സെക്രട്ടറി |
| 3-1 | 10000/- | മെഡിക്കലാഫീസർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 329829/- | അസിസ്റ്റന്റ് എംഞ്ചിനീയർ |
| 3-6 | 784094/- | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 329829/- | |
| 3-6 | 784094/- | |
| ആകെ | 1113923/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

4-9തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP8/676/98/ 19.03.99 | 34 |
| 1997-98 | LFP8/921/98/ 21.11.05 | 46 |
| 1998-99 | LFP12/839/01/ 5.9.01 | 34 |
| 1999-2000 | LFP12/533/01/ 16.10.08 | 31 |
| 2000-01<br>2001-02(പദ്ധതി) | LFP11/475/09/ 6.6.09 | 11<br>8 |
| 2000-01(പദ്ധതി ഒഴികെ) | LFP11/544/10/ 20.9.10 | - |
| 2001-02(പദ്ധതി ഒഴികെ) | LFP11/544/10/ 4.4.12 | 1 |
| 2002-03 (വരവ്) | LFP11/544/10/ 20.9.10 | - |
| 2002-03(ചെലവ്) | LFP11/450/07/5.4.08 | 3 |
| 2003-04(വരവ്) | LFP11/544/10/20.9.10 | 6 |
| 2003-04(ചെലവ്) | LFP11/451/07/5.4.08 | - |
| 2004-05(വരവ്) | LFP11/544/10(3)/20.9.10 | - |
| 2004-05(ചെലവ്) | LFP11/452/07/5.4.08 | 14 |
| 2005-06 | LFP11/978/11/16.6.12 | 5 |
| 2006-07 | LFP11/1007/12(2)/10.3.14 | 8 |
| 2007-08 | LFP11/977/12/6.6.12 | 10 |
| 2008-09<br>2009-10<br>2010-11 | LFP11/2186/12/10.3.14 | 15 |
| 2011-12 | LFP11/418/2014/4.6.2014 | 17 |
| 2012-13 | നം.കെ.എസ്.എ.-പികെഡി11/305/16<br>തീയതി – 29.06.2016 | 19 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി.11-1445/16 /10.08.16 | |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി11-229/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -08 -02 -2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1)) സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന് നൽകിയ കണക്കുകൾ എ എഫ് എസിലെ തുകകൾ, അപ്രോപ്രിയേഷൻ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1) ട്രഷറി തനത് ഫണ്ടിന്റെയും (VPFA1) തനത് ഫണ്ട് അക്കൗണ്ടിന്റെയും (സർവീസ് സഹകരണ

ബാങ്ക്) റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

2) WGDP, സാക്ഷരത എന്നിവയുടെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) MGNREGS പ്രകാരമുള്ള വരവ് ചെലവുകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിലെ വരവ് തുക വാർഷികകണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

4) പ്ലാൻ ഫണ്ട് അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ് എന്നിവ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5) വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6) തൊഴിൽ നികുതി, വെള്ളക്കരം, വാടക, വിനോദനികുതി എന്നീ വരവിനങ്ങളുടെ സംക്ഷിപ്തം വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വെള്ളക്കരം, വാടക എന്നീയിനങ്ങളുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7) ആസ്തികളുടെ ഓപ്പണിംഗ് മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8) ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-11-229/2017

Kerala State Audit Department

District Audit Office,Palakkad

Date -08-02-2017

Audit Certificate

Certified that I have audited the Annual Financial Statement of VADAKARAPATHY Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of VADAKARAPATHY Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1) Bank account of Own Fund (service co-operative bank) and VPFA-I(treasury) are not reconcilled.

2) Pass books of WGDP and Saksharatha are not produced for audit.

3) Receipt and payments of MGNREGS , Central Finance Commission Grant, and General Purpose grant are not in agreement with AFS.

4) Opening balance and Receipt of Development Fund (GL) are not in agreement with Appropriation register.

5) The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

6) Annual Abstract Figures shown in the demand Registers of profession tax, Rent, Watertax and Entertainment tax are not in agreement with the AFS. Arrear demand register of watertax, Rent are not maintained.

7) Asset values not ascertained and linked with Sankhya.

8) Abstract of Deposit Register is not prepared

Deputy Director